



# സംരംഭം തുടങ്ങൂ; ഈസിയായി

## വ്യാവസായിക അനുമതികൾക്കായി KSWIFT ഓൺലൈൻ ഏകജാലക സംവിധാനം

വ്യവസായങ്ങൾക്കു വളക്കൂറുള്ള മണ്ണല്ല കേരളത്തിലേതെന്ന ആക്ഷേപങ്ങൾക്കു മറുപടിയായി നിരവധി പുതിയ സംരംഭങ്ങൾ നമ്മുടെ നാട്ടിൽ വിജയക്കൊടിനാട്ടുകയും വളർന്നു പന്തലിച്ചു സമൂഹത്തിനു തണൽമരമാകുകയും ചെയ്യുന്നുണ്ട്. നിക്ഷേപങ്ങൾ വളർത്താൻ കേരളത്തിലെ വ്യാവസായിക അന്തരീക്ഷം കൂടുതൽ മെച്ചപ്പെട്ടതാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങളുടെയും ഭേദഗതികളുടെയും ഫലമാണിത്. നിക്ഷേപസൗഹാർദ സംസ്ഥാനമാകുന്നതിനൊപ്പം പ്രകൃതി സൗഹൃദം ഏറ്റവും നല്ല രീതിയിൽ സംരക്ഷിച്ചു പോരാനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കു വളരാൻ സുവർണാവസരങ്ങളാണു മുന്നോട്ടുള്ളത്. സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കു ധൈര്യമായി മുന്നിട്ടിറങ്ങാനും സുഗമമായും സുതാര്യമായും സർക്കാർ അനുമതികൾ നേടിയെടുത്തു കച്ചവടവിജയം സ്വന്തമാക്കാനും അനുകൂലമായ സംവിധാനങ്ങൾ ഇപ്പോഴുണ്ട്.

മുൻകാലങ്ങളിൽ അനുമതികൾക്കായി സംരംഭകർക്കു വിവിധ വകുപ്പുകളിലും പല സർക്കാർ ഓഫീസുകളിലുമായി വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടിയിരുന്ന സ്ഥാനത്ത് ഇന്നു വീട്ടിൽ നിന്നു പുറത്തിറങ്ങാതെ തന്നെ ഒരേയൊരു അപേക്ഷയിലൂടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനാകും. സ്ത്രീ സംരംഭകർക്കും മറ്റും ഇതിലൂടെ ലഭിക്കുന്ന കൈത്താങ്ങ് വളരെ വലുതാണ്. ഈ വിപ്ലവകരമായ മാറ്റത്തിനു പിന്നിലുള്ളത് കെ- സ്വിഫ്റ്റ് ഓൺലൈൻ ഏകജാലകസംവിധാനമാണ്. 2019 ഫെബ്രുവരിയിൽ ആരംഭിച്ച ഈ ഓൺലൈൻ സംവിധാനത്തിലൂടെ 21 വിവിധ വകുപ്പുകളുടെ 85 ലേറെ അനുമതികളും ലൈസൻസുകളും സംരംഭകർക്കു ലഭിക്കും. ഇതു വിപുലമാക്കുന്നതിനുള്ള ശ്രമങ്ങൾ സജീവമായി നടന്നു വരുന്നുമുണ്ട്. പൂർണമായി സമർപ്പിച്ച അപേക്ഷകളിൽ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള അനുമതികൾ 30 ദിവസങ്ങൾക്കുള്ളിൽ ലഭിക്കും. ഈ സമയപരിധിക്കുള്ളിൽ അനുമതികൾ ലഭ്യമാകുന്നതിൽ തടസങ്ങളുണ്ടെങ്കിൽ കൽപിത അനുമതി സംരംഭകർക്കു ലഭിക്കുകയും ചെയ്യും.

### സംരംഭകർ പറയുന്നതു കേൾക്കൂ

മലപ്പുറം ആസ്ഥാനമായി പ്രവർത്തിക്കുന്ന RG ഫൂഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. വിഷ്ണു ആർ.ജി കെ- സ്വിഫ്റ്റ് ഓൺലൈൻ സംവിധാനത്തെക്കുറിച്ചു പറയുന്നു.

"1940 മുതൽ നല്ലെണ്ണയുടെ ഉൽപാദനവും വിതരണവും ഞങ്ങൾ ചെയ്തു വരുന്നു. കേരളത്തിൽ മാത്രമൊതുങ്ങാതെ വിപണനം തമിഴ്നാട്ടിലേക്കും യൂറോപ്പിലേക്കും വ്യാപിപ്പിക്കാൻ അടുത്തിടെ ശ്രമങ്ങൾ തുടങ്ങി. അന്താരാഷ്ട്രനിലവാരത്തിലും അതിനൂതന സാങ്കേതികവിദ്യകളുപയോഗിച്ചും പ്രവർത്തിക്കുന്ന ഫാക്ടറിയായി വികസിപ്പിച്ചാലേ ഇതു സാധ്യമാകുമായിരുന്നുള്ളൂ. അമ്പതിനായിരം സ്ക്വയർ ഫീറ്റിൽ അതീവ വൃത്തിയിലും വേഗതയിലും നല്ലെണ്ണ ഉൽപാദിപ്പിക്കുന്ന യന്ത്രങ്ങൾ സജ്ജീകരിക്കേണ്ടിയിരുന്നു. അതിനായി വ്യവസായ വകുപ്പു മന്ത്രിയെ കണ്ടു സംസാരിച്ചു. അദ്ദേഹമാണ് KSIDCയെക്കുറിച്ചു നിർദ്ദേശിച്ചത്. വളരെ ക്ഷമയോടെയും കരുതലോടെയുമാണ് അവിടത്തെ ഉദ്യോഗസ്ഥർ പെരുമാറിയത്. ഏകജാലക സംവിധാനമായ കെ- സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപത്രം സമർപ്പിച്ചപ്പോൾ അൽപം പോലും താമസമില്ലാതെ മൂന്നുവർഷം സാധുതയുള്ള MSME അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് കിട്ടി. അനുമതികൾ പൂർത്തിയാക്കാൻ മൂന്നു വർഷം സാവകാശം കിട്ടിയതു വളരെ സഹായകമായി. ഓഫീസുകളിൽ നിരന്തരം കയറിയിറങ്ങാനോ മെനക്കെടാനോ ഇട വന്നില്ല. ഓൺലൈനായി എല്ലാം എളുപ്പത്തിൽ കഴിഞ്ഞു. തിരുവനന്തപുരത്തു നിന്ന് കെ.എസ്.ഐ.ഡി.സി ഉദ്യോഗസ്ഥർ നേരിട്ടെത്തി ഫാക്ടറി വികസനത്തിന്റെ പുരോഗതി വിലയിരുത്തി മടങ്ങുകയും ചെയ്തു. ബുദ്ധിമുട്ടുകളില്ലെന്നും പ്രവർത്തനം സുഗമമാണെന്നും അവർ ഉറപ്പാക്കി."



EMPOWERING ENTERPRISES

Business *made easy!*

# K-SWIFT

Single Window Interface for Fast & Transparent Clearance

കേരളത്തിലെ പല പ്രമുഖ സംരംഭകരും ഇന്ന് കെ–സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിന്റെ ആരാധകരാണ്.

## വ്യവസായം എവിടെ വേണമെങ്കിലും തുടങ്ങാമോ?

സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പല സംസ്ഥാനങ്ങളിലും വ്യത്യസ്തമാണ്. പ്രകൃതിക്കു കോട്ടം തട്ടാതെയും നിയമങ്ങൾ ലംഘിക്കാതെയും സംരംഭം തുടങ്ങാൻ കേരളത്തിൽ അനേകം നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം മാത്രമേ അനുമതികൾ ലഭിക്കുമായിരുന്നുള്ളൂ. മാത്രമല്ല വിവിധ ഓഫീസുകളിൽ അപേക്ഷകൾ കുടുങ്ങിക്കിടന്നു കാലതാമസം നേരിടാനുള്ള സാധ്യതകളും കൂടുതലായിരുന്നു. വ്യവസായങ്ങൾ സുഗമമായി തുടങ്ങാൻ പറ്റുന്ന സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 2003 മുതൽ ലോകബാങ്ക് രാജ്യങ്ങളുടെ പട്ടിക തയാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ 2014 മുതൽ ഇന്ത്യയ്ക്കും പങ്കാളിത്തമുണ്ട്. വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിടനിർമാണത്തിനുള്ള അനുമതികൾ ലഭിക്കാനുള്ള വേഗത, വസ്തു രജിസ്റ്റർ ചെയ്യാനുള്ള എളുപ്പം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വ്യവസായ സ്ഥാപനങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' പട്ടിക ലോകബാങ്ക് തയാറാക്കുന്നത്. 190 രാജ്യങ്ങളിൽ 142 ആയിരുന്നു 2014 ൽ ഇന്ത്യയുടെ സ്ഥാനം. 2020 ൽ ഇത് 63 ആയി ഉയർന്നു. സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന വ്യവസായ സൗഹാർദ പദ്ധതികൾ രാജ്യത്തിന്റെ റാങ്കിങ് ഉയർത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഇതേ രീതിയിൽ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിനു കീഴിലുള്ള ഡിപാർട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) എന്ന ഏജൻസി സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടിക തയാറാക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങളുടെ അനായാസമായ തുടക്കത്തിനും സുഗമമായ നടത്തിപ്പിനും വേണ്ട വിവിധ കാര്യങ്ങൾ ഏതൊക്കെയെന്നു തീരുമാനിക്കുന്നത് ഡി.പി.ഐ.ഐ.ടിയാണ്. ബിസിനസ് റീഫോം ആക്ഷൻ പ്ലാൻ ഇതിനായി ഓരോ വർഷവും ഡി.പി.ഐ.ഐ.ടി നൽകി വരുന്നു. 2016 മുതൽ കേരളവും ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു നടപടികൾ തുടങ്ങി. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് ഇതിനായി നിയോഗിക്കപ്പെട്ട നോഡൽ ഏജൻസി. മാതൃകാപരമായ ചില നിയമങ്ങളും സംസ്ഥാന സർക്കാർ ഇതിനായി നിർമ്മിച്ചു നടപ്പിലാക്കി. കാലഹരണപ്പെട്ട നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു. ഈ പരിശ്രമങ്ങളുടെയെല്ലാം ഫലമായി വന്ന നിശബ്ദ വിപ്ലവമായ കെ–സ്വിഫ്റ്റ് ഓൺലൈൻ പോർട്ടൽ വളരെ വേഗത്തിൽ സംരംഭകർക്കു വലിയ ആശ്വാസമായി മാറുകയാണുണ്ടായത്. ലളിതവും സുതാര്യവുമായി എളുപ്പത്തിൽ പോർട്ടലിലൂടെ ലഭിക്കുന്ന നിർദേശങ്ങൾക്കനുസരിച്ചു നടപടികൾ പൂർത്തിയാക്കാം.


കൂടുതൽ വിവരങ്ങൾക്ക്

Kerala State Industrial Development Corporation Ltd.

T.C. XI/266, Keston Road, Kowdiar, Thiruvananthapuram–695 003

Help Desk Phone: 1800 890 1030

Help Desk Email: investkerala@ksidcmail.org

Department of Industries & Commerce
Government of Kerala

KSIDC


## കെ–സ്വിഫ്റ്റ് ഓൺലൈൻ പോർട്ടൽ ഉപയോഗിക്കേണ്ടതെങ്ങനെ?

സാധാരണ വെബ് പോർട്ടലുകളിൽ രജിസ്റ്റർ ചെയ്ത് ലോഗിൻ ചെയ്യുന്നതു പോലെ തന്നെ കെ–സ്വിഫ്റ്റ് വെബ് പോർട്ടൽ ഉപയോഗിച്ചു തുടങ്ങാം.

*ഇ–മെയ്ൽ ഐ.ഡിയും ഫോൺ നമ്പറും ഉപയോഗിച്ചാണ് രജിസ്ട്രേഷൻ ചെയ്യേണ്ടത്.

*കെ–സ്വിഫ്റ്റിലെ ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ സംരംഭം ആരംഭിക്കാനും നടത്തിക്കൊണ്ടു പോകാനും വിവിധ ഡിപ്പാർട്മെന്റുകളിൽ നിന്ന് ആവശ്യമായ എല്ലാ ക്ലിയറൻസുകളും ലഭിക്കും.

*അപേക്ഷയിലുള്ള യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ ഓർത്തുവയ്ക്കേണ്ടതാണ്. ഇതുപയോഗിച്ചാണ് അപേക്ഷ ഭാവി റെഫറൻസുകളിൽ തിരിച്ചറിയപ്പെടുന്നത്.

*'ഫയൽ കോമൺ ആപ്ലിക്കേഷൻ ഫോം' എന്നതിൽ ക്ലിക്ക് ചെയ്ത് അനുമതികൾക്കായുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

*നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ അനുബന്ധ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാനുമാകും.

* മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന വിഭാഗത്തിൽപ്പെടാത്ത MSME കൾക്ക് 'MSME അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ്' എന്നതിൽ ക്ലിക്ക് ചെയ്യാം.

* ചോദ്യാവലിയുടെ സഹായത്തോടെ പ്രസ്തുത സംരംഭത്തിന് ആവശ്യമായ അനുമതികളെക്കുറിച്ചും സർട്ടിഫിക്കറ്റുകളെക്കുറിച്ചും പോർട്ടലിൽ നിന്നു തന്നെ അറിയാനാകും. സംശയങ്ങൾ ദൂരീകരിക്കാൻ ഉദ്യോഗസ്ഥരുടെ പുറകേ നടന്നു ക്ഷമ നശിക്കുന്ന അവസ്ഥ സംരംഭകർക്കു നേരിടേണ്ടി വരില്ല.

*അപേക്ഷയുടെ അടിസ്ഥാനത്തിൽ ഫീസ് ഓൺലൈനായിത്തന്നെ അടയ്ക്കാം.

* പാരലൽ പ്രോസസിങ്ങിലൂടെ വിവിധ വകുപ്പുകളിലേക്ക് ഒരേ അപേക്ഷ അയയ്ക്കാനാകും. അതായത് പോർട്ടലിലൂടെ നൽകുന്ന ഒറ്റ അപേക്ഷ വിവിധ വകുപ്പുകളിലും വിഭാഗങ്ങളിലുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലേക്ക് ഓൺലൈനായി എത്തും. വകുപ്പുതല ഉദ്യോഗസ്ഥർ അപേക്ഷകനോട് സംശയങ്ങൾ ചോദിച്ചു ദൂരീകരിക്കുകയും ചെയ്യും. ഇതെല്ലാം ഓൺലൈൻ പോർട്ടലിലൂടെ നടന്നു കൊള്ളും.

* ഇ മെയ്ൽ, മൊബൈൽ സന്ദേശം എന്നിവ വഴി അലർട്ടുകളും അക്നോളജ്മെന്റും അപേക്ഷകനു ലഭിക്കും.

* 30 ദിവസങ്ങൾക്കുള്ളിൽ അനുമതികൾ ഓൺലൈനായി ലഭ്യമാകും: അല്ലാത്തപക്ഷം കൽപ്പിത അനുമതി (Deemed Licence) ലഭ്യമാകും.

*ക്ലിയറൻസുകൾ, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, അനുമതികൾ, രജിസ്ട്രേഷൻ, പുതുക്കലുകൾ എന്നിവയ്ക്കു പുറമേ കെ.എസ്.ഐ.ഡി. സി, കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ, തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവയും കെ–സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. നിലവിൽ കെ–സ്വിഫ്റ്റിനു രണ്ടു മൊഡ്യൂളുകളുണ്ട്. ലൈസൻസുകളും അനുമതികളും ലഭിക്കുന്ന മൊഡ്യൂളും MSME മൊഡ്യൂളും. സ്വയം സർട്ടിഫിക്കേഷനിലൂടെ സ്പോട്ട് അപ്രൂവലുകൾ നേടാൻ MSME മൊഡ്യൂൾ സഹായിക്കും. മലിനീകരണ നിയന്ത്രണ ബോർഡിന്റെ 'ചുവന്ന വിഭാഗ'ത്തിൽപ്പെടാത്ത സൂക്ഷ്മ–ചെറുകിട–ഇടത്തരം സംരംഭങ്ങൾക്കാണ് (MSME) ഈ സൗകര്യം ലഭിക്കുന്നത്. കെ–സ്വിഫ്റ്റിലൂടെ അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് ലഭിച്ച MSME കൾക്ക് മൂന്നു വർഷത്തിനുള്ളിൽ മറ്റു ലൈസൻസുകൾ നേടിയാൽ മതി. കേന്ദ്രസർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. മന്ത്രാലയത്തിനു കീഴിലുള്ള നാഷനൽ ഇൻഫൊമാറ്റിക്സ് സെന്ററാണ് കെ–സ്വിഫ്റ്റ് രൂപകൽപന ചെയ്തിരിക്കുന്നത്.*